## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ **1072**

06.06.2018 ലെ മറുപടി

### കുപ്പിവെള്ള പദ്ധതിയെ അട്ടിമറിക്കുന്നതിന് സ്വകാര്യ ലോബി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുള്ള** | **ശ്രീ. മാത്യു ടി തോമസ്**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പി വെള്ള പ്ലാന്റിന്റെ ജോലികൾ 95% ത്തോളം പൂർത്തിയായിക്കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് വെള്ളം നിറയ്ക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തി കഴിഞ്ഞു. വിവിധ വകുപ്പുകളിൽ നിന്നും/ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി കിട്ടുന്ന മുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഉൽപ്പാദനം തുടങ്ങുവാൻ കേരള വാട്ടർ അതോറിറ്റിക്കു കഴിയുന്നതാണ്. |
| (ബി) ഈ പദ്ധതിയെ അട്ടിമറിക്കുന്നതിനായി സ്വകാര്യ കുപ്പിവെള്ള ലോബി ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ബി) ഇപ്രകാരമുള്ള റിപ്പോർട്ടുകൾ ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) ഈ നീക്കങ്ങളെ ചെറുത്തുകൊണ്ട് പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുമോ; വിശദമാക്കാമോ; | (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കി കുപ്പിവെള്ളം വിപണിയിലിറക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) ഈ പദ്ധതി എന്നുമുതൽ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) BIS, FSSAI മുതലായ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉത്പാദനം ആരംഭിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**